## നെല്ലിമറ്റം ദുരന്തം സംബന്ധിച്ച പ്രത്യേക പരാമർശം.

മി. സ്പീക്കർ: ഓടിക്കൊണ്ടിരുന്ന സ്കൂൾ ബസ്സിന് മുകളിലേയ്ക്ക് മരം കടപുഴകി വീണ് ജൂൺ 26-ന് എറണാകുളം ജില്ലയിൽ കോതമംഗലം നെല്ലിമറ്റം കോളനിപ്പടിയ്ക്ക് സമീപം അഞ്ച് കുട്ടികൾക്ക് ദാരുണമായ അന്ത്യം സംഭവിച്ച വാർത്ത വേദനാജനകവും ഞെട്ടിപ്പിക്കുന്നതുമാണ്. കോതമംഗലം കറുകടം വിദ്യാവികാസ് സ്കൂളിലെ കുട്ടികളായിരുന്ന ഇവർ, സ്കൂൾ വിട്ട് വീട്ടിലേക്ക് മടങ്ങുമ്പോഴാണ് ഈ ദുരന്തം സംഭവിച്ചത്. ദുരന്തത്തിൽ മൺ മറഞ്ഞ കുഞ്ഞുങ്ങളുടെ വേർപാടിൽ അഗാധമായ ദു:ഖം രേഖപ്പെടുത്തുന്നു. കുടുംബാംഗങ്ങളുടേയും, നാടിന്റേയും തീരാദു:ഖത്തിൽ പങ്ക് ചേരുന്നതോടൊപ്പം വേദനാജനകമായ ഇത്തരം ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് എല്ലാ വിഭാഗം ജനങ്ങളും പ്രതിജ്ഞാബദ്ധരാണെന്ന് ഓർമ്മിപ്പിക്കുവാനും ഞാൻ ഈ അവസരം വിനിയോഗിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): വളരെ ദു:ഖകരമായ സംഭവമാണ് ഈ അപകടം. ഈ സംഭവം ഉണ്ടായ ഉടനെതന്നെ മന്ത്രിമാരായ ശ്രീ. അടൂർ പ്രകാശ്, ശ്രീ. കെ. ബാബു, ശ്രീ. അനൂപ് ജേക്കബ്ബ് മറ്റ് ജനപ്രതിനിധികൾ എന്നിവരെല്ലാം അവിടെ എത്തിയിരുന്നു. അടുത്തദിവസം ഞാനും അവിടെ

എത്തിയിരുന്നു. ഏറ്റവും നിർഭാഗ്യകരമായ ഈ സംഭവത്തിൽ ഗവൺമെന്റിനുള്ള അഗാധമായ ദു:ഖം ഇവിടെ പ്രകടിപ്പിക്കുകയാണ്. ഇതുപോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള അടിയന്തിര നടപടികളെക്കുറിച്ച് ആലോചിച്ചുവരികയാണ്. ഇന്ന് അപകട സ്ഥിതിയിൽ നിൽക്കുന്ന മരങ്ങൾ വെട്ടിമാറ്റേണ്ടതായിട്ട് വരും. അതിന് ചില എതിർപ്പുകൾ ഇതിന് മുൻപും പ്രകടിപ്പിച്ചിരുന്നു. ഒരു മരം വെട്ടുമ്പോൾ രണ്ട് മരം അല്ലെങ്കിൽ മൂന്നുമരം വെച്ചുപിടിപ്പിക്കുക എന്നുള്ള വ്യവസ്ഥയോടുകൂടി, അപകടസ്ഥിതിയെന്ന് റിപ്പോർട്ട് ചെയ്യുന്ന എല്ലാ മരങ്ങളും വെട്ടി മാറ്റുന്നതിനെക്കുറിച്ചാണ് ആലോചിക്കുന്നത്. അതുപോലെതന്നെ അപകടകരമായി നിൽക്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിലും നമുക്ക് ഒരു പരിശോധന നടത്തേണ്ടി വരും, അതല്ലെങ്കിൽ ഇതുപോലുള്ള ദു:ഖകരമായ സംഭവങ്ങളായിരിക്കും നമ്മൾ കേൾക്കേണ്ടി വരുന്നത്. ഈ രണ്ട് കാര്യത്തിലും ഗവൺമെന്റ് വ്യക്തമായിട്ടുള്ള നിർദ്ദേശങ്ങൾ കൊടുക്കും. അതിന് എല്ലാ ഭാഗത്തുനിന്നുമുള്ള സഹകരണമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സർ, ആ കോച്ചുകുട്ടികൾ മരം വീണ് മരിക്കാനിടയായ സംഭവം വളരെ ദുഃഖകരമായ

ഒരനുഭവമാണ്. അത്തരം മരങ്ങൾ കണിശമായിട്ടും വെട്ടിമുറിക്കുന്നതിന് അനുവാദം കൊടുക്കുന്നതിൽ തെറ്റില്ലെന്നതാണ് എന്റെ അഭിപ്രായം. എന്നാൽ അത് ഒരു നിരന്തരമായ മുറിയ്ക്കലിലേയ്ക്ക് എത്താത്ത വിധത്തിൽ കർശനമായിട്ടുള്ള പരിശോധനയ്ക്ക് ശേഷം ഇതുപോലുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതിനെ ഞാനും അനുകൂലിക്കുകയാണ്. ആ കുടുംബങ്ങളുടെ തീരാ നഷ്ടത്തിൽ ഞാനും പങ്ക് ചേരുകയാണ്.

<u>മി. സ്പീക്കർ:</u> മൺമറഞ്ഞുപോയ കുരുന്നുകൾക്ക് ആദരാഞ്ജലികൾ അർപ്പിക്കുന്നതിനായി നമുക്ക് അല്പസമയം എഴുന്നേറ്റ് നിൽക്കാം.

(മൺമറഞ്ഞുപോയ കുട്ടികളോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റ് നിന്ന് മൗനം ആചരിച്ചു.)